# പൊതു നിർദ്ദേശങ്ങൾ

## എത്തിച്ചേരൽ

**ബസ്സ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട് എന്നിവിടങ്ങളിൽ നിന്നും രാജഗിരിയിലേയ്ക്കുള്ള യാത്രാസൗകര്യങ്ങൾ**

- ഡിസംബർ 28-ാം തീയതി രാവിലെ 7 മുതൽ വൈകിട്ട് 3.30 വരെ കാക്കനാട് ബസ്സ് സ്റ്റാൻഡിൽ നിന്നും കോൺഫറൻസ് വേദിയായ രാജഗിരിയിലേയ്ക്ക് സൗജന്യ യാത്രാസൗകര്യം ലഭ്യമാണ്. മറ്റൊരു ബസ്സ് സ്റ്റാൻഡിൽ നിന്നും ഈ സൗകര്യം ഉണ്ടാവുന്നതല്ല.

- ആലുവ, എറണാകുളം ടൗൺ (നോർത്ത്), എറണാകുളം ജംഗ്ഷൻ (സൗത്ത്) എന്നീ സ്ഥലങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ (18/-രൂപ) പ്രത്യേക യാത്രാസൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതു ലഭ്യമാക്കുവാൻ അതാത് ഗ്രൂപ്പ് ലീഡേഴ്സ് എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെടുക.

- ഡിസംബർ 27-ാം തീയതി വൈകിട്ട് 5 മണി മുതൽ 28-ാം തീയതി ഉച്ചയ്ക്ക് 1 മണിവരെ കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ ജീസസ് യൂത്ത് വോളന്റിയേഴ്സ് സൈൻ ബോർഡുകളുമായി ഉണ്ടായിരിക്കുന്നതാണ്. പ്രോഗ്രാം സ്ഥലത്തേയ്ക്ക് എത്തിച്ചേരാൻ അവർ സഹായിക്കും

**രാജഗിരിയിലേയ്ക്ക് നേരിട്ട് എത്തിച്ചേരാനുള്ള മാർഗ്ഗങ്ങൾ**

### *ബസ്സിൽ യാത്ര ചെയ്യുന്നവർ*

- കോട്ടയം-പാലാ ഭാഗത്തു നിന്നു വരുന്നവർ തൃപ്പൂണിത്തുറയിൽ ഇറങ്ങുക. അവിടെ നിന്നും ആലുവയ്ക്കോ, കാക്കനാടിനോ (സീപോർട്ട്-എയർപോർട്ട് വഴി) ഉള്ള ബസ്സിൽ കയറി രാജഗിരി സ്റ്റോപ്പിൽ ഇറങ്ങിയ ശേഷം 5 മിനിറ്റ് (750 മീ.) നടന്നാൽ രാജഗിരി കോളേജിൽ എത്താം.

- കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശൂർ, ഇടുക്കി, കട്ടപ്പന, കോതമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു വരുന്നവർ ആലുവ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ ഇറങ്ങി, അവിടെനിന്നും കാക്കനാട് വഴി തൃപ്പൂണിത്തുറയ്ക്കുള്ള ബസ്സിൽ കയറുക. രാജഗിരി സ്റ്റോപ്പിൽ നിന്ന് 5 മിനിറ്റ് (750 മീ.) നടന്നാൽ രാജഗിരി കോളേജിൽ എത്താം.

- എറണാകുളം, ആലപ്പുഴ, ചേർത്തല, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുന്നവർ എറണാകുളം സൗത്ത് ബസ്സ് സ്റ്റോപ്പിൽ നിന്നോ, കലൂർ ബസ്സ് സ്റ്റാൻഡിൽ നിന്നോ കാക്കനാടിനുള്ള ബസ്സിൽ കയറുക. കാക്കനാട് നിന്നും തൃപ്പൂണിത്തുറ ബസ്സിൽ രാജഗിരി സ്റ്റോപ്പിലിറങ്ങാം.

### *ട്രെയിനിൽ യാത്ര ചെയ്യുന്നവർ*

- തിരുവനന്തപുരം ഭാഗത്തു നിന്നും കോട്ടയം വഴിക്ക് യാത്ര ചെയ്യുന്നവർ തൃപ്പൂണിത്തുറ സ്റ്റേഷനിൽ ഇറങ്ങുക. അവിടെ നിന്നും കാക്കനാടിനോ, ആലുവയ്ക്കോ ഉള്ള ബസ്സിൽ രാജഗിരി സ്റ്റോപ്പിൽ ഇറങ്ങി, 5 മിനിറ്റ് (750 മീ.) നടന്നാൽ രാജഗിരി കോളേജിൽ എത്താം.

- തിരുവനന്തപുരം ഭാഗത്തു നിന്നും ആലപ്പുഴ വഴിക്ക് വരുന്നവർ എറണാകുളം ജംഗ്ഷ (സൗത്ത്) നിൽ ഇറങ്ങുക. എറണാകുളം സൗത്ത് ബസ്സ് സ്റ്റോപ്പിൽ നിന്നും കാക്കനാടേയ്ക്കുള്ള ബസ്സിൽ കയറുക. അവിടെ നിന്നും തൃപ്പൂണിത്തുറ ബസ്സിൽ രാജഗിരി സ്റ്റോപ്പിലിറങ്ങാം.

- കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുന്നവർ ആലുവ സ്റ്റേഷനിലിറങ്ങുക. ആലുവ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ നിന്നും തൃപ്പൂണിത്തുറയ്ക്കുള്ള ബസ്സിൽ കയറി രാജഗിരി സ്റ്റോപ്പിലെത്താം.

### *ഫ്ളൈറ്റിൽ യാത്ര ചെയ്യുന്നവർ*

- കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ ഇറങ്ങുന്നവർക്ക് അവിടെനിന്നും പ്രീ-പെയ്ഡ് ടാക്സിയിൽ ആലുവ വഴി രാജഗിരി (30 കി.മി)യിൽ എത്തിച്ചേരാം.

**കോൺഫറൻസ് വേദിയിലേയ്ക്കുള്ള എത്തിച്ചേരൽ**

- ഡിസംബർ 28 ഉച്ചയ്ക്ക് 1 മണിക്കു മുമ്പായി എറണാകുളത്ത് എത്തുന്ന ഗ്രൂപ്പുകൾ (ടീൻസും യൂത്തും

ഉൾപ്പെടെ) അവരവരുടെ താമസസ്ഥലത്തെത്തി ലഗേജുകൾ അവിടെ സൂക്ഷിച്ചതിനുശേഷം കൃത്യം 3 മണിക്കുതന്നെ രാജഗിരിയിൽ എത്തിച്ചേരേണ്ടതാണ്. ഗ്രൂപ്പ് ലീഡർ ആ വിവരം മുൻകൂട്ടി കോൺഫറൻസ് ഓഫീസിൽ അറിയിക്കണം.

- വീടുകളിലെ താമസസൗകര്യം തെരഞ്ഞെടുത്തിട്ടുള്ള കുടുംബങ്ങൾ ഉച്ചയ്ക്ക് 1 മണിക്കു മുമ്പ് എറണാകുളത്തെത്തുകയാണെങ്കിൽ, അവർക്ക് അനുവദിച്ചിട്ടുള്ള വീടുകളിൽ പോയി ബാഗുകൾ വച്ചതിനുശേഷം കൃത്യം 3 മണിക്കുതന്നെ രാജഗിരിയിൽ എത്തിച്ചേരേണ്ടതാണ്.

## കോൺഫറൻസിന്റെ ഉദ്ഘാടനസമയം

- ഉദ്ഘാടനസമ്മേളനം വൈകുന്നരം 4 മണിക്കുതന്നെ ആരംഭിക്കുന്നതാണ്. ഉച്ചതിരിഞ്ഞ് 3 മണിക്ക് എല്ലാവരും കോൺഫറൻസ് വേദിയിലുണ്ടാകേണ്ടതിനാൽ, 1 മണിക്കുശേഷം എറണാകുളത്ത് വന്നുചേരുന്നവർ നേരിട്ട് രാജഗിരിയിലേയ്ക്ക് എത്താൻ താല്പര്യപ്പെടുന്നു.

## രജിസ്ട്രേഷൻ

- ബാഡ്ജില്ലാത്തവരെ ഒരു കാരണവശാലും പ്രോഗ്രാം സ്ഥലത്തേയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല.
- മുൻകൂട്ടി രജിസ്റ്റർ ചെയ്തവരെ മാത്രമേ കോൺഫറൻസിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. അന്നേദിവസം രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.
- ജൂബിലി കിറ്റ് വിതരണം ചെയ്യുന്നതിനായി കേരളത്തിൽനിന്നു പങ്കെടുക്കുന്നവർക്ക് സോണൽ തലത്തിലുള്ള 23 കൗണ്ടറുകളും കേരളം ഒഴികെയുള്ള ഇന്ത്യയിലെ മറ്റു റീജിയനുകൾക്ക് റീജിയണൽ തലത്തിലുള്ള കൗണ്ടറുകളും ഇന്ത്യക്ക് പുറത്തുനിന്നുള്ളവർക്ക് രാജ്യങ്ങൾ തിരിച്ചുള്ള കൗണ്ടറുകളും ഒരിക്കിയിട്ടുണ്ട്.
- മേൽപ്പറഞ്ഞ ഗ്രൂപ്പുകളുടെ (സോൺ/റീജിയൻ/രാജ്യം) പ്രതിനിധികൾ/ലീഡേഴ്സ് ഡിസംബർ 27-ാം തീയതി രാവിലെ 11 മണിക്ക് മുമ്പ് രജിസ്ട്രേഷൻ കിറ്റുകൾ വാങ്ങി അതു വിതരണം ചെയ്യാനുള്ള കൗണ്ടർ ഒരുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## തിരിച്ചറിയൽ കാർഡിൽ ശ്രദ്ധിക്കേണ്ടവ

- **തിരിച്ചറിയൽ കാർഡ് നമ്പർ** (Id Code No.)
  രജിസ്ട്രേഷനുമായി ബന്ധപ്പെട്ട താങ്കളുടെ വിവരങ്ങൾ അറിയുന്നതിനുള്ള റഫറൻസ് നമ്പറാണിത്.

- **താമസസ്ഥലത്തിന്റെ കോഡ്** (Accomodation Code)
  ഈ കോഡ് താമസസ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനാണ്.

- **വിഭാഗത്തിന്റെ കോഡുകൾ (Stream Codes)**

| | | |
|---|---|---|
| B - | ശിശുക്കൾ (Babies) | - 3 വയസ്സിനു താഴെ പ്രായമുള്ളവർ |
| K - | കൊച്ചുകുട്ടികൾ (Kids) | - 4 നും 8 നും ഇടയിൽ പ്രായമുള്ളവർ |
| E - | ബാലികാ - ബാലന്മാർ (Pre-Teens) | - 9 നും 12 നും ഇടയിൽ പ്രായമുള്ളവർ |
| T- | കൗമാരക്കാർ (Teens) | - 13 നും 18 നും ഇടയിൽ പ്രായമുള്ളവർ |
| Y- | യുവജനങ്ങൾ (Youth) | - 18 നു മുകളിൽ പ്രായമുള്ള അവിവാഹിതർ (സിംഗിൾസും സെമിനാരി വിദ്യാർത്ഥികളും ഈ വിഭാഗത്തിൽ ഉൾപ്പെടും) |
| F- | ദമ്പതികൾ (Family) | |
| S- | റിലീജിയസ് സിസ്റ്റേഴ്സ് (Religious Sisters) | |
| P- | വൈദികർ (Priests) | |

- **ഭക്ഷണകോഡ്** (Food Code)
  ബാഡ്ജിന്റെ താഴെയുള്ള നിറം പങ്കെടുക്കുന്നവർ ഓരോരുത്തരും തെരെഞ്ഞെടുത്തിരിക്കുന്ന ഭക്ഷണക്രമത്തെ സൂചിപ്പിക്കുന്നു.

| | |
|---|---|
| നീല (Blue) | - കേരളീയ ഭക്ഷണം (Kerala Food) |
| പച്ച (Green) | - സസ്യാഹാരം (Vegetarian Food) |
| മഞ്ഞ (Yellow) | - മസാല കലർപ്പില്ലാത്ത ഭക്ഷണം (Non Spicy Food) |
| ചുവപ്പ് (Red) | - വടക്കേ-ഇന്ത്യൻ ഭക്ഷണം. (North Indian Food) |

- **ടാഗിന്റെ നിറം (Sling Colour)**

ബാഡ്ജ് ടാഗിന്റെ നിറം കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ വിഭാഗത്തെ (Stream) സൂചിപ്പിക്കുന്നു.

| | | |
|---|---|---|
| കറുപ്പ് (Black) | - | കൊച്ചുകുട്ടികൾ (Kids) |
| ഇളംനീല (Light Blue) | - | ബാലികാ - ബാലന്മാർ (Pree-Teens) |
| ചുവപ്പ് (Red) | - | കൗമാരക്കാർ (Teens) |
| കടുംനീല (Dark Blue) | - | യുവജനങ്ങൾ/ഏകസ്ഥർ/വൈദിക വിദ്യാർത്ഥികൾ (Youth) |
| ഇളംപച്ച (Light Green) | - | ദമ്പതികൾ (Family) |
| കടുംപച്ച (Dark Green) | - | വൈദികർ, സിസ്റ്റേഴ്സ് (Priests, Religious Sisters) |
| കടുംചുവപ്പ് (Dark Red) | - | റിസോഴ്സ് അംഗങ്ങൾ, വോളന്റിയേഴ്സ് (Resourse Persons, Volunteers) |

## താമസസൗകര്യം

- പ്രോഗ്രാമിൽ പങ്കെടുക്കുന്നവരുടെ ബാഡ്ജിൽ അവരവരുടെ താമസസ്ഥലത്തിന്റെ കോഡ് രേഖപ്പെടുത്തിയിട്ടുണ്ട്.
- ഒരു സോണിൽ നിന്നുള്ളവർക്ക് ഒരേ സ്ഥലത്താണ് താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. എങ്കിലും പങ്കെടുക്കുന്നവരുടെ എണ്ണം കൂടുതലുള്ള സോണുകൾക്ക് ചിലപ്പോൾ രണ്ടു താമസസ്ഥലങ്ങൾ ഉണ്ടായേക്കാം.
- കോൺഫറൻസിന്റെ പൊതുവായ താമസസൗകര്യം തെരെഞ്ഞെടുത്തിട്ടുള്ള റ്റീൻസ്, യൂത്ത് വിഭാഗത്തിൽപ്പെട്ടവർക്ക് കിടക്കുന്നതിനുള്ള പായകൾ ലഭ്യമായിരിക്കും. എങ്കിലും ബെഡ്ഷീറ്റും മറ്റ് അവശ്യസാധനങ്ങളും കൂടെ കരുതാൻ താല്പര്യപ്പെടുന്നു.
- താമസസ്ഥലം സ്വന്തമായി തെരെഞ്ഞെടുത്തിട്ടുള്ളവർ, സ്വയം യാത്രാസൗകര്യവും ക്രമീകരിക്കണം. അവർ രാവിലെ 8.30 നുതന്നെ പ്രോഗ്രാം സ്ഥലത്ത് എത്തിച്ചേരേണ്ടതുമാണ്.
- കുടുംബങ്ങളോടൊപ്പം താമസസൗകര്യം ലഭ്യമായിട്ടുള്ളവർ, പ്രോഗ്രാമിലേയ്ക്ക് എത്തുന്നതിനു മുമ്പായി അവർ താമസിക്കേണ്ട വീടുകളുമായി ബന്ധപ്പെടേണ്ടതാണ്.

## യാത്രാസൗകര്യം

- കുടുംബവിഭാഗത്തിൽ (അക്കോമഡേഷൻ കോഡ്: എഫ്) രജിസ്റ്റർ ചെയ്തിട്ടുള്ളവർ വൈകിട്ട് 8 മണിക്കു കോൺഫറൻസ് വേദിയിൽ നിന്നും പുറത്തുകടന്ന്, 8.10-നു തന്നെ തങ്ങളുടെ ബസ്സുകളിൽ കയറേണ്ടതാണ്.
- ഓരോ താമസസ്ഥലത്തേയ്ക്കും പ്രത്യേകം സ്റ്റോപ്പുകളിൽ നിന്നാണ് ബസ്സുകൾ പുറപ്പെടുന്നത്. അതിന്റെ വിശദാംശങ്ങൾ ഹാൻഡ് ബുക്കിലെ 54-59 പേജുകളിൽ നൽകിയിട്ടുണ്ട്. കോൺഫറൻസിന്റെ പൊതുവായ താമസസൗകര്യം തെരെഞ്ഞെടുത്തിരിക്കുന്ന റ്റീൻസിനും യൂത്തിനും അവരുടെ താമസസ്ഥലത്തിന്റെ കോഡും ബസ് സ്റ്റോപ്പിന്റെ കോഡും ഒന്നുതന്നെയായിരിക്കും.
- നിർദ്ദേശിക്കപ്പെട്ട സമയത്ത് ബസ്സിൽ പോകാൻ സാധിക്കാത്തവർ സ്വന്തം ഉത്തരവാദിത്വത്തിൽ താമസസ്ഥലത്ത് എത്തിച്ചേരേണ്ടതാണ്.
- സ്വന്തം വാഹനങ്ങളിൽ വരുന്നവർക്ക് വോളന്റിയേഴ്സിന്റെ നിർദ്ദേശപ്രകാരം പാർക്കിങ്ങ് സൗകര്യം ലഭ്യമായിരിക്കും.

## ഭക്ഷണം

- നാലു തരത്തിലുള്ള ഭക്ഷണം ലഭ്യമാണ്- കേരളീയ ഭക്ഷണം, മസാല കലർപ്പില്ലാത്ത (Non-Spicy) ഭക്ഷണം, വടക്കേ-ഇന്ത്യൻ ഭക്ഷണം, സസ്യാഹാരം
- നിങ്ങൾ രജിസ്റ്റർ ചെയ്തപ്പോൾ തെരഞ്ഞെടുത്ത ഭക്ഷണക്രമം തന്നെ എല്ലാ ദിവസവും തുടരേണ്ടതാണ്.
- പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും വ്യത്യസ്ത പന്തലുകളിലുള്ള അവരവരുടെ സ്ട്രീമുകളിൽ ലഭിക്കുന്നതാണ്.
- വൈകുന്നേരത്തെ ചായയും അത്താഴവും പ്രധാനപന്തലിനു സമീപം തന്നെ നൽകുന്നതായിരിക്കും. കുടുംബ വിഭാഗത്തിനുള്ള അത്താഴം പായ്ക്കറ്റുകളിൽ ലഭ്യമാകും.
- കോൺഫറൻസിനുശേഷം ഉടൻതന്നെ മടങ്ങുന്നവർക്കായുള്ള പ്രഭാതഭക്ഷണം, ഡിസംബർ 30-നു മുമ്പ് അറിയിക്കുന്നവർക്ക് പായ്ക്കറ്റുകളിൽ നൽകുന്നതാണ്.
- ജനുവരി 1-ാം തീയതിയിലെ ഉച്ചഭക്ഷണം കോൺഫറൻസിന്റെ ഭാഗമായി സൗജന്യമായി ലഭിക്കുന്നതാണ്. എത്ര പേർക്ക് ഭക്ഷണം ആവശ്യമാണെന്ന വിവരം ഗ്രൂപ്പ് ലീഡർ കോൺഫറൻസ് ഓഫീസിൽ 30-ാം തീയതിക്കുള്ളിൽ അറിയിക്കണം.
- നേരത്തെ വരുന്നവർക്കും താമസിച്ചു പോകുന്നവർക്കും 10 രൂപ നിരക്കിൽ ഭക്ഷണം ലഭിക്കുന്നതാണ്. ഗ്രൂപ്പിന്റെ ഉത്തരവാദിത്വമുള്ളവർ ഒരു ദിവസം മുമ്പേ അവരുടെ എണ്ണം കോൺഫറൻസ് ഓഫീസിൽ നൽകി കൂപ്പണുകൾ സ്വീകരിക്കേണ്ടതാണ്.
- കുട്ടികൾക്കായി പാൽ, ബിസ്കറ്റ്, ലാക്ടോജൻ തുടങ്ങിയവ രാവിലെ 8 മുതൽ വൈകുന്നേരം 4.30 വരെ ചൈൽഡ് കെയർ സെന്ററിൽ ലഭിക്കുന്നതാണ്. അവർക്കു പ്രത്യേകമായുള്ള മസാല കലർപ്പില്ലാത്ത (Non Spicy) ഭക്ഷണവും അവിടെ ലഭിക്കും.

## കോൺഫറൻസിനു ശേഷം

- കോൺഫറൻസ് അവസാനിച്ചതിനുശേഷം ഉടൻതന്നെ മടങ്ങാത്തവരെ സ്വന്തം താമസ സ്ഥലങ്ങളിൽ തിരികെ എത്തിക്കുന്നതാണ്.
- കോൺഫറൻസിനുശേഷം ഉടൻതന്നെ (ജനുവരി 1 വെളുപ്പിന് 5 മണിക്ക്) മടങ്ങേണ്ടവർ സ്വന്തം ബാഗുകളുമായി 31-നു രാവിലെ തന്നെ പ്രോഗ്രാം പന്തലിൽ എത്തിച്ചേരേണ്ടതാണ്.
- ജനുവരി 1-ന് കോൺഫറൻസ് സ്ഥലത്തുനിന്നോ, താമസസ്ഥലത്തുനിന്നോ മടങ്ങുന്നവരെ സൗജന്യമായി ബസ് സ്റ്റോപ്പുകളിലോ റെയിൽവേ സ്റ്റേഷനുകളിലോ എത്തിക്കുന്നതാണ്.

## ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ

- വിലപിടിപ്പുള്ള സാധനങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.
- എല്ലാ സമയവും ബാഡ്ജ് ധരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പ്രധാനപന്തലിന്റെ കവാടത്തിൽ ഇൻഫർമേഷൻ കൗണ്ടർ ഉണ്ടായിരിക്കും.
- പ്രോഗ്രാം ദിവസങ്ങളിൽ മാന്യമായ വസ്ത്രധാരണം പ്രതീക്ഷിക്കുന്നു.
- പ്രോഗ്രാമിന്റെ തത്സമയ സംപ്രേഷണം വെബ്സൈറ്റിൽ ലഭ്യമാണ്. ചിത്രങ്ങളും മറ്റ് പ്രധാന ദൃശ്യങ്ങളും ഇതിലൂടെ ലഭിക്കും.
- മാദ്ധ്യമങ്ങൾക്കും ചില വിശിഷ്ട വ്യക്തികൾക്കുമൊഴികെ മറ്റാർക്കും സീറ്റ് റിസർവേഷൻ ഉണ്ടായിരിക്കുന്നതല്ല. മറ്റു രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള സഹോദരങ്ങളെക്കൂടി പരിചയപ്പെടാനുള്ള അവസരമായി ഇതിനെഉപയോഗിക്കാം.
- പരിസരം വൃത്തിയായി സൂക്ഷിക്കുകയും, മാലിന്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ തന്നെ നിക്ഷേപിക്കുകയും വേണം.
- കോളേജിനു ചുറ്റുമുള്ള കനാലിലെ വെള്ളം കാമ്പസിലെ കുടിവെള്ള ആവശ്യത്തിനായി ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനാൽ മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കരുത്.
- ഓരോ രജിസ്ട്രേഷൻ കിറ്റിനൊപ്പവും 500 മി.ലി. കുടിവെള്ളമടങ്ങുന്ന കുപ്പികൾ നൽകുന്നതാണ്. പിന്നീട് പ്രോഗ്രാം സ്ഥലത്ത് വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ജലസംഭരണികളിൽ നിന്നും വെള്ളം ശേഖരിക്കാൻ അവ ഉപയോഗിക്കാം.